പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 118

01.12.2014-ൽ
മറുപടിയ്ക്ക്

## ചാലക്കുടിയിൽ എക്സൈസ് സർക്കിൾ ഓഫീസ്

ചോദ്യം
ശ്രീ.ബി.ഡി.ദേവസ്സി:

ഉത്തരം
ശ്രീ.കെ.ബാബു
(മത്സ്യബന്ധനവും തുറമുഖവും
എക്സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ചാലക്കുടിയിൽ താലൂക്ക് പ്രവർത്തനം ആരംഭിച്ച് ഒരു വർഷം പിന്നിട്ട സാഹചര്യത്തിൽ ചാലക്കുടി താലൂക്ക് കേന്ദ്രീകരിച്ച് എക്സൈസ് സർക്കിൾ ഓഫീസ് അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; | (എ) | ചാലക്കുടി താലൂക്ക് കേന്ദ്രീകരിച്ച് എക്സൈസ് സർക്കിൾ ഓഫീസ് അനുവദിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | വനം, തോട്ടം മേഖലകൾ ഉൾപ്പെടുന്ന അതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറയിൽ എക്സൈസ് റെയിഞ്ചാഫീസ് ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (ബി) | അതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറയിൽ എക്സൈസ് റെയ്ഞ്ചാഫീസ് ആരംഭിക്കുന്നതിനുള്ള ശുപാർശകളൊന്നും ഇപ്പോൾ നിലവിലില്ല. |
| (സി) | എക്സൈസിൽ ക്രൈം ബ്രാഞ്ച് വിംഗ് രൂപീകരിക്കുമെന്ന സർക്കാരിന്റെ പ്രഖ്യാപനം നടപ്പിലാക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ? | (സി) | എക്സൈസിൽ ക്രൈം ബ്രാഞ്ച് വിംഗ് രൂപീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ